പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.160 | 5.12.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി ജില്ലാതല മിഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.എം. നൗഷാദ് | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രധാനമായും കേരള സർക്കാരിന്റെ "ബാരിയർ ഫ്രീ കേരള" പദ്ധതി, കേന്ദ്ര സർക്കാർ പദ്ധതിയായ 'അക്സസ്സിബിൾ ഇന്ത്യ ക്യാംപെയിൻ' എന്നീ രണ്ടു പദ്ധതികൾ നടപ്പിലാക്കി വരുന്നു. കണ്ണൂർ ജില്ലയെ പൂർണ്ണമായും ബാരിയർ ഫ്രീ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, മലപ്പുറം, ജില്ലകൾ ബാരിയർ ഫ്രീയാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 'അക്സസ്സിബിൾ ഇന്ത്യ ക്യാംപെയിൻ' പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിലെ 28 സർക്കാർ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കാനായി ഭിന്നശേഷി ജില്ലാതല മിഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഇല്ല |
| (സി) എങ്കിൽ എന്തെല്ലാം ചുമതലകളാണ് പ്രസ്തുത ജില്ലാതല മിഷനുകളിൽ നിക്ഷിപ്തമാക്കാനുദ്ദേശിക്കുന്നത്; | (സി) ബാധകമല്ല |

| | |
|---|---|
| (ഡി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>• നിലവിൽ കോർപ്പറേഷന് തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മാത്രമാണ് ഓഫീസുകൾ ഉള്ളത്. 2017-18 സാമ്പത്തിക വർഷം 4 ജില്ലകളിൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നടപടികൾ പൂർത്തിയായി വരുന്നു.<br>• ഭിന്നശേഷിക്കാരുടെ "തൊഴിൽ ക്ഷമത" വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് (സർക്കാർ/ അർദ്ധസർക്കാർ/ പൊതു മേഖലാ /സഹകരണ മേഖല) വാഹന/ഉപകരണങ്ങൾ വാങ്ങുന്നതിനായി 7 വർഷ തിരിച്ചടവ് കാലാവധിയിൽ പരമാവധി 5 ലക്ഷം രൂപവരെ വാഹന വായ്പയായി അനുവദിക്കുന്ന കാര്യം.<br>• കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികൾക്കുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>• ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായും വിപുലമായും നടപ്പിലാക്കും.<br>• ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി നാമമാത്ര പലിശ നിരക്കിൽ 25 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. ടി വായ്പ കൂടുതൽ പേരിൽ എത്തിക്കുന്നതിനായി ജില്ലകൾ തോറും വായ്പാമേളകൾ സംഘടിപ്പിക്കുന്ന കാര്യം.<br>• "ആശ്വാസം" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതിക്കായി വായ്പയെടുക്കുന്നതിന് ഈടു വെക്കാൻ മാർഗ്ഗമില്ലാത്തവർക്കായി 25000/- രൂപ ധനസഹായമായി നൽകുന്നതും ചെറുകിട സ്വയം തൊഴിൽ നടത്തുന്നതിനുള്ള ട്രെയിനിംഗ് നൽകുന്നതും. |

| | |
|---|---|
| | • എൻ.എച്ച്.എഫ്.ഡി.സി. സഹായത്തോടെ പരമാവധി ഭിന്നശേഷിക്കാരായ യുവസംരഭകർക്ക് സ്വയംതൊഴിൽ പരിശീലനം വിവിധ അംഗീകൃത ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന കാര്യം.<br>• ഭിന്നശേഷിക്കാർക്കാവശ്യമായ സഹായോപകരണങ്ങൾ ഏറ്റവും ഗുണനിലവാരത്തിലും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുന്നതിന് റീജിയണൽ ഓഫീസുകൾ കേന്ദ്രീകരിച്ചുകൊണ്ട് "ഉപകരണ ഷോറൂമുകൾ ആരംഭിക്കുന്ന കാര്യം.<br>• കൃത്രിമ കൈകാലുകളും അളവെടുത്തു നിർമ്മിക്കുന്ന മറ്റ് ഉപകരണങ്ങളും നിർമ്മിക്കുന്നതിനായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം.<br>• സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായി സ്ഥിരം 'ജോബ്പോർട്ടൽ' ആരംഭിച്ച് കൃത്യമായ ഇടവേളകളിൽ ജോബ്ഫെയറുകൾ സംഘടിപ്പിക്കുന്ന കാര്യം. |

സെക്ഷൻ ഓഫീസർ